സഹദേവന്റെ കൊലപാതകം

7. [16] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കല്ലിയൂർ വില്ലേജിൽ വെള്ളായണി പാറയം വിളാകത്തുവീട്ടിൽ കെ. സഹദേവന്റെ കൊലപാതകത്തെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു ;

(സി) ഈ കൊലപാതകത്തെക്കുറിച്ചുള്ള അന്വേഷണം ക്രൈം ബ്രാഞ്ചിന് വിടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫോർട്ട് പോലീസ് സബ് ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർ നേരിട്ടന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

(സി) അന്വേഷണ റിപ്പോർട്ട് കിട്ടിയതിനുശേഷം പരിഗണിക്കുന്നതാണ്.

ചുമട്ടുതൊഴിലാളിയുടെ മരണം

8. [17] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ഒക്ടോബർ 5-ാം തീയതി ചേർത്തല താലൂക്കിൽ കളവൻകോടം വടക്കേത്തറ പുരുഷനന്ന ചുമട്ടുതൊഴിലാളിയെ ആർ. എസ്. എസ്. കാർ കൊലപ്പെടുത്തിയതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസിൽ എത്ര പ്രതികളുണ്ട് ;

(സി) പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആറ് പ്രതികളുണ്ട്.

(സി) ഇല്ല.

ഹരികനൃകയൂരിലെ കൊലപാതകം

9. [18] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട "ഹരികനൃകയൂർ" എന്ന സ്ഥലത്ത് പകൽ സമയത്ത് ഒരു വൃദ്ധയും മകളും സ്വന്തം വീട്ടിൽ വച്ച് കൊല ചെയ്യപ്പെട്ട സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കേസിന്റെ അന്വേഷണം എന്തായി എന്ന് വെളിപ്പെടുത്താമോ;

(സി) ഈ കേസിന്റെ അന്വേഷണം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) പ്രതികളെ സംബന്ധിച്ച് എന്തെങ്കിലും വിവരം കിട്ടിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേസ് അന്വേഷണത്തിലാണ്.

(സി) കേസ് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly